₹ 5/-

# റിയൽ ലൈഫ് വോയ്സ്

REAL LIFE VOICE

Monthly

Volume 14
Issue 6

**December 2025**

pages 24

"അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു"

**(കൊലൊസ്യർ 1:28–29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

| Volume 14 | Issue 6 | December 2025 | Pages 24 | Rs.5/ |
|---|---|---|---|---|

**Annual Subscription:** Rs.60/-



Editor:

**Dr. SEBASTIAN M.V.**

*MA(Eng), MA(His), MA(Socio),*
*MCom(Edu.Mgt), MPhil(Eng), PhD(Eng)*

**Ph: 95 44 557 557**

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in


**Book No.**
**168**

## ഉള്ളടക്കം


| | പേജ് |
|---|---|
| • തല തെറിച്ച യുവാക്കൾ | 3 |
| • പ്രതികരണങ്ങൾ | 6 |
| • ആസ്യയിലെ ഏഴ് സഭകൾ (22) | 8 |
| • യോനാ (പുസ്തകപഠനം) (18) | 11 |
| • കുടുംബജീവിതം: പ്രായോഗികചിന്തകൾ(2) | 13 |
| • ഒരുമിച്ച് 50 വർഷങ്ങൾ (Episode 2) | 16 |
| • കൊച്ചുണ്ണിയുടെ ബൈബിൾവായന (30) | 19 |
| • ബൈനോക്കുലർ (30) | 21 |
| • വനംവകുപ്പിന്റെ കാടത്തം | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ





# തല തെറിച്ച യുവാക്കൾ!

നിർഗുണനായ ഒരു യുവാവ് കമ്പിപ്പാരകൊണ്ട് തലയ്ക്ക് അടിയേറ്റ് മരിച്ചു. അടിച്ചത് സ്വന്തം അച്ഛനാണ്. സ്വയരക്ഷയ്ക്കുവേണ്ടി അച്ഛന് അത് ചെയ്യേണ്ടി വന്നു. 2025 നവംബർ 25 ലെ പത്രവാർത്ത ഇത് സംബന്ധിച്ച് ചില കാര്യങ്ങൾ വ്യക്തമാക്കിയിരുന്നു:

> തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന ഹൃദ്വിക്ക് (28) ആണ് മരിച്ചത്. ആഡംബര ബൈക്ക് വാങ്ങാൻ 50 ലക്ഷം രൂപ ആവശ്യപ്പെട്ട് ഹൃദ്വിക്ക് അച്ഛനെ ആക്രമിച്ചു. അച്ഛനെയും അമ്മയെയും അവൻ ആക്രമിക്കുക പതിവായിരുന്നു. നിർബന്ധത്തെത്തുടർന്ന് 12 ലക്ഷം രൂപയുടെ ബൈക്ക് മാതാപിതാക്കൾ വായ്പയെടുത്ത് വാങ്ങി നൽകി.
>
> എന്നാൽ ഒക്ടോബർ 21 ന്, തന്റെ ജന്മദിനത്തിനു മുമ്പ് 50 ലക്ഷം രൂപ മുടക്കി രണ്ടു ബൈക്കുകൾ വാങ്ങിക്കൊടുക്കണമെന്ന് പറഞ്ഞ് വാശി പിടിച്ച് അവൻ മാതാപിതാക്കളെ ആക്രമിച്ചു. സഹികെട്ട് അച്ഛൻ വിനയാനന്ദ് (52) കമ്പിപ്പാരകൊണ്ട് മകന്റെ തലയ്ക്കടിച്ചു. അവൻ ബോധരഹിതനായി താഴെ വീണു. തലയ്ക്ക് ഗുരുതരമായി പരുക്കേറ്റ മകനെ അച്ഛൻ തന്നെയാണ് ആശുപത്രിയിൽ എത്തിച്ചത്. ചില ദിവസങ്ങൾ ഐസിയുവിൽ കിടന്ന ശേഷം മകൻ അന്ത്യശ്വാസം വലിച്ചു.
>
> തിരുവനന്തപുരത്തെ വഞ്ചിയൂരുള്ള കുന്നുംപുറത്ത് താമസിക്കുന്ന കുടുംബത്തിലാണ് ഈ അത്യാഹിതം സംഭവിച്ചത്. അച്ഛൻ വിനയാനന്ദ് ഒരു ചായക്കട നടത്തുകയായിരുന്നു. വാടകവീട്ടിലാണ് അവർ താമസിച്ചിരുന്നത്. ഹൃദ്വിക്ക് ഏകമകനായിരുന്നു. ബാംഗ്ലൂരിൽ കാറ്ററിംഗ് ടെക്നോളജിയാണ് അവൻ പഠിച്ചത്.

യുവാക്കൾക്കും മാതാപിതാക്കൾക്കും പഠിക്കാൻ കുറെ പാഠങ്ങൾ ഈ വിവരണത്തിലുണ്ട്. ആ പാഠങ്ങൾ ഇനിയെങ്കിലും ഉൾക്കൊണ്ടാൽ ഇത്തരം

അത്യാഹിതങ്ങൾ ആവർത്തിക്കാതിരിക്കും. അല്ലെങ്കിൽ ചരിത്രം ആവർത്തിക്കും, ആവർത്തിച്ചുകൊണ്ടേയിരിക്കും.

ഹൃദ്രിക്ക് എന്നായിരുന്നു ആ യുവാവിന്റെ പേര്. സംസ്കൃതത്തിൽ 'ഹൃദ്രിക്ക്' എന്ന വാക്കിന് 'ഹൃദയത്തിൽനിന്ന് ഒഴുകിവരുന്ന' എന്ന അർത്ഥമാണത്രേ. നിർഭാഗ്യവശാൽ ആ യുവാവിന്റെ ഹൃദയത്തിൽ നിന്ന് ഒഴുകിവന്നത് അത്യാഗ്രഹവും, ആഡംബരജിവിതത്തോടുള്ള താത്പര്യവും, മാതാപിതാക്കളോടുള്ള സ്നേഹമില്ലായ്മയും, പണിയെടുക്കാനുള്ള മടിയും ഒക്കെയായിരുന്നു. പണത്തിന്റെ വില എന്തെന്ന് അവൻ മനസ്സിലാക്കിയില്ല. മാതാപിതാക്കളുടെ മൂല്യം എന്തെന്ന് അവൻ തിരിച്ചറിഞ്ഞില്ല. 28-ാം വയസ്സിൽ, അവന് ജന്മം നൽകിയ പിതാവിനാൽ തന്നെ അവൻ ഒടുങ്ങിപ്പോകേണ്ടി വന്നു.

ഇന്നത്തെ യുവാക്കളുടെ വലിയൊരു പ്രത്യേകതയാണ് അത്യാഗ്രഹവും ആഡംബരജീവിതവും. കൃത്യമായി ജോലി ചെയ്ത്, പതുക്കെ പതുക്കെ സമ്പാദിക്കുക എന്ന ശീലം അവർക്കില്ല. 28-കാരൻ, "എനിക്ക് ആഡംബരബൈക്ക് വാങ്ങിച്ചുതരണം" എന്ന് പറഞ്ഞ് അക്രമാസക്തനാകുന്ന കാഴ്ച നോക്കൂ! 12 ലക്ഷത്തിന്റെ ബൈക്ക് പുതിയത് ഒരെണ്ണം സ്വന്തമായുള്ളപ്പോഴാണ് 50 ലക്ഷത്തിന്റെ ബൈക്ക് എന്ന് പറഞ്ഞ് വാശിപിടിച്ചത്. (ഏകദേശം ഒരു ലക്ഷം രൂപ വിലയുള്ള ബൈക്കാണ് ഞാൻ ഉപയോഗിക്കുന്നത്. അതിലും കുറഞ്ഞ ഒരു ബൈക്ക് വിപണിയിൽ ലഭിക്കാനില്ലായിരുന്നു)

അവന്റെ വീട്ടിലെ സാഹചര്യം അവൻ ഓർക്കേണ്ടതായിരുന്നു. വാടക വീട്, ഏകമകൻ... അവന്റെ മുമ്പിൽ വലിയ വലിയ ഉത്തരവാദിത്വങ്ങളുണ്ടായിരുന്നു. ചെറിയ റസ്റ്ററൻഡ് നടത്തി ജീവിതം മുന്നോട്ടു നീക്കിക്കൊണ്ടിരിക്കുന്ന അവന്റെ മാതാപിതാക്കൾക്ക് ഒരു സഹായമാകാൻ അവൻ ശ്രദ്ധിക്കേണ്ടിയിരുന്നു. 50 ലക്ഷം രൂപയുണ്ടെങ്കിൽ സ്വന്തമായി സ്ഥലം വാങ്ങാനോ, ചിലപ്പോൾ സ്വന്തമായി ഒരു വീട് വയ്ക്കാനോ കഴിയുമായിരുന്നു. ഏകദേശം രണ്ടരലക്ഷം രൂപ കൊടുത്താൽ 'ബൈക്കുകളുടെ രാജാവ്' എന്നറിയപ്പെടുന്ന റോയൽ എൻഫീൽഡ് ബുള്ളറ്റ് ഉൾപ്പെടെ, പല കമ്പനികളുടെയും മികച്ച ബൈക്കുകൾ സ്വന്തമായി വാങ്ങാൻ അവസരമുള്ളപ്പോൾ 12 ലക്ഷത്തിന്റെ ബൈക്ക് വാങ്ങിയിരിക്കുന്നു! - സ്വന്തമായി ജോലിയും കൂലിയും കൂരയും ഇല്ലാത്തവൻ!

മരിച്ചുപോയ ആ യുവാവിനെ ഇങ്ങനെ കുറ്റപ്പെടുത്തുന്നതെന്തിന് എന്ന് ചോദിക്കുന്നവരുണ്ടാകാം. ആ യുവാവിന്റെ ചിന്താഗതി വച്ചുപുലർത്തി ജീവിക്കുന്ന മറ്റു യുവാക്കൾക്ക് മുന്നറിയിപ്പ് കൊടുക്കുക എന്നതാണ് എന്റെ ലക്ഷ്യം. മരിച്ചുപോയ ആ യുവാവിനോട് തീർച്ചയായും

എനിക്ക് സഹതാപമുണ്ട്. അവന് സംഭവിച്ച ദുരന്തത്തിൽ ദു:ഖമുണ്ട്. ഇത്തരം ദുരന്തങ്ങൾ സമൂഹത്തിൽ ആവർത്തിക്കാതിരിക്കുക എന്ന ആഗ്രഹത്തോടെയാണ് ഈ എഡിറ്റോറിയൽ തയ്യാറാക്കുന്നത്. ഇത് വായിക്കുന്ന ഒരു യുവാവെങ്കിലും മാനസാന്തരപ്പെട്ടെങ്കിൽ! (അതിന്, ഈ മാസിക എത്ര യുവാക്കൾ വായിക്കുന്നുണ്ട്?)

ഈ സംഭവത്തിൽ മാതാപിതാക്കളുടെ ഭാഗത്തു ചില തെറ്റുകൾ വന്നുപോയില്ലേ എന്ന സംശയം എനിക്കുണ്ട്. ഏകമകനെ അവർ ലാളിച്ചു വഷളാക്കിയോ? കുഞ്ഞുനാളിൽ തന്നെ അവന്റെ എല്ലാ ആഗ്രഹങ്ങളും അവർ സാധിച്ചുകൊടുത്തുവോ? താൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ വാശി പിടിച്ചും ഒച്ച വച്ചും നേടിയെടുക്കാനുള്ള പ്രവണത അവന് എങ്ങനെ കൈവന്നു? പണത്തിന്റെ വില അവൻ മനസ്സിലാക്കാതെ പോയതെന്തുകൊണ്ട്? ഈ എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ തേടുമ്പോൾ, സംശയത്തിന്റെ കുന്തമുന നീളുന്നത് മാതാപിതാക്കളിലേക്ക് തന്നെയാണ്.

അതോ കൂട്ടുകാരാണോ അവനെ വഴി തെറ്റിച്ചത്? നല്ല രീതിയിൽ വളർത്തപ്പെട്ട പല കുട്ടികളും തെറ്റായ കൂട്ടുകെട്ടിലൂടെ വഴി പിഴച്ചുപോകുന്ന കാഴ്ച നമ്മുടെ സമൂഹത്തിൽ നാം കാണുന്നുണ്ട്. നിയന്ത്രണങ്ങളുടെയും നിയമങ്ങളുടെയും ചട്ടക്കൂടിൽ ഒതുങ്ങിനിൽക്കാൻ എല്ലാവരും മടിക്കുന്നതെന്ത്? കൂട്ടിന്നകത്ത് കിടക്കുന്ന നായയ്ക്ക് സുരക്ഷിതത്വമുണ്ട്. വീട്ടുകാരുടെ സ്നേഹം ലഭിക്കും. നേരത്ത് ഭക്ഷണം കിട്ടും. എന്നാൽ കൂട്ടിന്നകത്ത് കിടക്കാൻ താത്പര്യമില്ലാതെ ഒരു നായ വീട്ടുകാരെ ഉപേക്ഷിച്ച് തെരുവിലേക്കിറങ്ങിയാൽ, കാണുന്ന കോഴിയെ ചാടിപ്പിടിച്ച് കടിച്ചുകൊന്നും, സൈക്കിളിൽ പോകുന്ന കുട്ടികളുടെ നേരെ കുരച്ചുചാടി അവരെ പേടിപ്പിച്ചും, സ്വതന്ത്രമായും ജീവിക്കാം. തെരുവിൽ കാണുന്ന പട്ടികളോടെല്ലാം പ്രേമാഭ്യർത്ഥന നടത്താം. പക്ഷേ എപ്പോഴാണ് പേ പിടിക്കുക എന്നറിയില്ല. എപ്പോഴാണ് മറ്റു നായ്ക്കളുടെ ആക്രമണത്താൽ ചത്തുപോവുക എന്നറിയില്ല. എപ്പോഴാണ് നാട്ടുകാർ തല്ലിക്കൊല്ലുക എന്നറിയില്ല. കൂട്ടിന്നകത്ത് കിടക്കുമ്പോൾ ഇതൊന്നും പേടിക്കാനില്ലായിരുന്നു.

മാതാപിതാക്കളും അദ്ധ്യാപകരും വച്ചിട്ടുള്ള നിയന്ത്രണങ്ങളും നിയമങ്ങളും പൊട്ടിച്ചെറിഞ്ഞുകൊണ്ട് തോന്നിയ പോലെ ജീവിക്കാനാണ് പലർക്കും താത്പര്യം. ഇത്തരക്കാരുടെ ഗതി എന്തെന്ന് പറയാം. ഒന്നുകിൽ അവർ ഭ്രാന്തന്മാരായി മാറും. അല്ലെങ്കിൽ ജയിലിൽ അടയ്ക്കപ്പെടും. അല്ലെങ്കിൽ ആത്മഹത്യ ചെയ്യും. അതുമല്ലെങ്കിൽ ആരുടെയെങ്കിലും കയ്യാൽ കൊല്ലപ്പെടും. യുവാക്കൾ ലക്ഷ്യബോധത്തോടെ വളരട്ടെ. കഠിനാദ്ധ്വാനത്തിനു തയ്യാറാവട്ടെ. ആഡംബരജീവിതം അവസാനിപ്പിക്കട്ടെ. നാടിനും വീടിനും ഗുണമുള്ളവരായിത്തീരട്ടെ.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Jose K G. Kaviyoor, Pathanamthitta

റിയൽ ലൈഫ് വോയ്സ് മാസിക മുടങ്ങാതെ ലഭിക്കുന്നുണ്ട്. അക്ഷരത്തിലൂടെ ആത്മാക്കളെ നേടുന്ന താങ്കളുടെ പ്രവർത്തനങ്ങളെ ദൈവം കൂടുതൽ അനുഗ്രഹിക്കട്ടെ. ഒക്ടോബർമാസത്തെ മാസികയിൽ പുതിയ അഡ്രസ്സുകൾ അയച്ചുതരുന്നതിനെക്കുറിച്ച് പറഞ്ഞിരുന്നുവല്ലോ. ഞാൻ 16 പേരുടെ വിലാസം ഇതോടൊപ്പം അയയ്ക്കുന്നു. അവർക്കുകൂടി മാസിക അയച്ചുകൊടുക്കുമല്ലോ. എല്ലാം പത്തനംതിട്ട ജില്ലക്കാരാണ് **(എഡിറ്റർ: വളരെ സന്തോഷം. എല്ലാവർക്കും മാസിക അയച്ചുകൊടുത്തിട്ടുണ്ട്)**

## Abhilash V, Koduman, Pathanamthitta

ഓക്ടോബർ ലക്കത്തിലെ മാസികയിൽ കൊടുത്തിരുന്ന 'യൂത്ത് ക്യാംപ്' എന്ന ചെറുകഥ സൂപ്പർ ആയിരുന്നു

## Saji P V, Meenangadi, Waynad

നവംബറിലെ റിയൽ ലൈഫ് ലഭിച്ചു. എഡിറ്റോറിയൽ വായിച്ചു. സഭായോഗങ്ങളിൽ കുഞ്ഞുങ്ങൾ അച്ചടക്കത്തോടെ ഇരിക്കണം എന്നുള്ളത് വീടുകളിൽനിന്ന് മക്കൾ മനസ്സിലാക്കണം. ദൈവഭയം, ദൈവികസാന്നിദ്ധ്യബോധം എന്നിവ നമ്മുടെ ഭവനപ്രാർത്ഥനയിൽ മക്കൾ അനുഭവിച്ചാൽ നമ്മുടെ പൊതുമീറ്റിംഗുകളിൽ മക്കൾ അനുസരണമുള്ളവരായിരിക്കും. ലേഖനം മാതാപിതാക്കൾക്ക് ഒരു പാഠം ആയിരിക്കട്ടെ.

## K M Kurien, Nilambur, Malappuram

മാസിക കിട്ടി. ഞാൻ എല്ലാം വായിച്ചു. എഴുതുന്ന കാര്യങ്ങളോട് വളരെ യോജിപ്പുണ്ട്. സഭായോഗങ്ങളിൽ കുട്ടികൾ അടങ്ങിയിരിക്കാത്തത് നിമിത്തം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഗൗരവമുള്ളതു തന്നെയാണ്. ഞാനിത് കുറെ അനുഭവിച്ചിട്ടുണ്ട്. ദൈവത്തേക്കാളധികം മക്കളെ പ്രിയപ്പെടുന്ന മാതാപിതാക്കൾ! വചനശുശ്രൂഷയുടെ ഇടയിൽ ഇത്തരം അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. വചനം പറയാനുള്ള ഉത്സാഹം നഷ്ടപ്പെട്ടുപോയ സന്ദർഭങ്ങളുണ്ട്.

## Johnson kulangara, Angamaly, Ernakulam

നവംബർ മാസത്തെ മാസിക കിട്ടി. വായിച്ചു. വിഭവങ്ങളെല്ലാം സമ്പുഷ്ടമാണ്. എഡിറ്റോറിയൽ കാര്യമാത്രപ്രസക്തം. പല സഭകളും അഭിമുഖീകരിക്കുന്ന ഒരു അപ്രിയസത്യം തുറന്നെഴുതിയതിന് നന്ദി.

ഒരു സഭയിൽ വൈകിട്ടുള്ള ബൈബിൾക്ലാസ്സിൽ ഏകദേശം ഒരു വയസ്സുള്ള കുഞ്ഞുമായി എല്ലാ ആഴ്ചയിലും മുടങ്ങാതെ ഒരു സഹോദരി വരുമായിരുന്നു. ക്ലാസ്സ് തുടങ്ങുന്നതും കുഞ്ഞ് ഉറക്കെ കരയാൻ ആരംഭിക്കും. കേൾവിക്കാർക്ക് എത്ര വിരസത അനുഭവപ്പെട്ടാലും ആ കുഞ്ഞിനെയും കൊണ്ട് പുറത്തുപോകാനുള്ള സാമാന്യമര്യാദ പോലും ആ അമ്മ കാണിച്ചില്ല. ക്ലാസ്സെടുക്കുന്ന സഹോദരൻ തൊണ്ട കീറി സംസാരിച്ചാലും കൂട്ടത്തിലിരുന്ന് കരയുന്ന കുഞ്ഞിന്റെ ഒച്ച നിമിത്തം ആർക്കും ഒന്നും മനസ്സിലായില്ല. ശുശ്രൂഷകനും ശ്രോതാക്കളും ഒരുപോലെ അനുഭവിക്കുന്ന മാനസിക അസ്വസ്ഥത പറയേണ്ടതില്ലല്ലോ. എന്നാൽ ഈ കുഞ്ഞുമായി വരുന്ന സഹോദരി ഒരൊറ്റ ക്ലാസ്സു പോലും മുടക്കാറില്ല എന്നതാണ് വൈരുദ്ധ്യം.

ഒരിക്കൽ സഭയിലെ ഒരു സഹോദരി എന്നോട് പറഞ്ഞു, ആ സഹോദരിക്ക് ബൈബിൾക്ലാസ്സിന് വരുന്നത് ഇഷ്ടമല്ല. ഭർത്താവ് നിർബന്ധിച്ച് കൊണ്ടുവരുന്നതാണ്. അതുകൊണ്ടാണ് ബോധപൂർവ്വം അവർ ആ കുഞ്ഞിനെ കരയിപ്പിച്ച് മറ്റുള്ളവർക്കു കൂടെ ശല്യമുണ്ടാക്കുന്നത്. സഭായോഗങ്ങൾ ഉപേക്ഷിക്കാതെ മറ്റുള്ളവരെക്കൂടി എങ്ങനെ ശല്യപ്പെടുത്താം എന്നതിന്റെ ദൃഷ്ടാന്തം!

## Sheby K Zacharia, Nanmangalam, Chennai

മാസികയിലെ ലേഖനങ്ങളെല്ലാം പ്രോത്സാഹനം തരുന്നവയും ചിന്തോദ്ദീപകവുമാണ്. ❍

**കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ**

| Address | Reason |
|---|---|
| Pr Mathukutty, Puthuppady, kozhikode | Left |
| P L Antony, Mulloorkkara, Thrissur | Deceased |
| Jose K V, Anugraha Colony, Palakkad | No reason given |
| Sam Davis, Vaduthala, Kochi | Left |
| Maxwell Pinheiro, Thrippoonithura, Ekm | Left |
| Abraham K A, Kallissery, Chengannur | Deceased |
| Cochin Church of Christ, Kaloor, Cochi | No reason given |

**അഡ്രസ് ലിസ്റ്റിൽനിന്ന് ഈ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

# ആസ്യയിലെ ഏഴ് സഭകൾ

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

22

**ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## തുയഥൈരയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:18-29)

*ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കുകയും ചെയ്യുന്നവന് എന്റെ പിതാവ് എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെ മേൽ അധികാരം കൊടുക്കും (2:26)*

### ജയിക്കണം

പല വിശ്വാസികളും തോറ്റുകൊണ്ടിരിക്കുന്നു. നുണ പറഞ്ഞ്, കള്ളത്തരം കാണിച്ച്, ദ്രവ്യാഗ്രഹം കാണിച്ച്, കുടുംബജീവിതത്തിന് വില കൊടുക്കാതെ, മക്കളെ അനുസരണത്തിൽ വളർത്താതെ, സഭായോഗങ്ങളിൽ വിശ്വസ്തത കാണിക്കാതെ, ദൈവാശ്രയമില്ലാതെ, ദുരുപദേശം പറഞ്ഞ്, വചനത്തിൽ വ്യക്തമായി പറഞ്ഞിട്ടില്ലാത്ത കാര്യങ്ങളുടെ പേരിൽ തർക്കിച്ച്... ഇങ്ങനെ തോൽക്കാനല്ല ദൈവം നമുക്ക് ക്രിസ്തീയജീവിതം തന്നിരിക്കുന്നത്. ജയാളിയായ കർത്താവിന്റെ കൂടെ നമ്മെ ചേർത്തിരിക്കുന്നത് നാമും ജയാളികളാകാനാണ്.

ജയിക്കുന്നവനെയാണ് ദൈവത്തിനു താത്പര്യം. ജയിക്കുന്നവന് ഇന്നിന്ന പാരിതോഷികങ്ങൾ ലഭിക്കും എന്ന് പറഞ്ഞ് തന്റെ ജനത്തെ ജയാളികളാക്കാൻ ദൈവം എപ്പോഴും ശ്രമിച്ചുപോരുന്നു. ഈ വാക്യത്തിലും ആ പതിവ് തെറ്റിച്ചില്ല.

### അവസാനത്തോളം അനുഷ്ഠിക്കണം

ആരംഭശൂരത്വം എന്നൊരു വാക്ക് മലയാളത്തിലുണ്ടല്ലോ. തുടക്കത്തിൽ ഒരാൾ കാണിക്കുന്ന വീറും വാശിയും കാലക്രമേണ ഇല്ലാതാകുമ്പോഴാണ് അയാൾ ആരംഭശൂരത്വം കാണിച്ചുവെന്ന് പറയുന്നത്. ആദ്യസ്നേഹം നഷ്ടപ്പെടുന്നതിനെക്കുറിച്ച് നാം നേരത്തെ കണ്ടതാണല്ലോ. ദൈവകല്പനകൾ

ജീവിതാവസാനത്തോളം അനുസരിക്കണം. മരണം വരെ അനുസരിക്കണം. ജീവിതസാഹചര്യങ്ങൾ ചിലപ്പോൾ അനുകൂലമായും ചിലപ്പോൾ പ്രതികൂലമായും തീർന്നേക്കാം. ഏത് സാഹചര്യമായാലും ദൈവകല്പനകൾ അനുസരിക്കാൻ നമുക്ക് കടപ്പാടുണ്ട്. "ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കുകയും ചെയ്യുന്നവന്" അനുഗ്രഹമുണ്ട് എന്ന് കർത്താവ് പ്രത്യേകമായി പറഞ്ഞിരിക്കുന്നു.

**ജാതികളുടെ മേൽ അധികാരം**

ലോകത്തിലെ ജനം/ജാതികൾ എന്നും ദൈവമക്കൾക്ക് എതിരാണ്. ദൈവജനത്തെ നിന്ദിക്കുന്നതിലും മർദ്ദിക്കുന്നതിലും കൊല്ലുന്നതിലും രസം കണ്ടെത്തിയവരാണ് പലരും. അതിലൊന്നും മനം മടുക്കാതെ, ഭയപ്പെടാതെ മുന്നോട്ടു നിങ്ങുന്നവരാണ് വിശ്വാസികൾ. അങ്ങനെ ജീവാവസാനം വരെ ജീവിച്ചവർ, അഥവാ ജീവിച്ചു മരിച്ചവർ... അവർക്ക് ലഭിക്കാൻ പോകുന്ന ഒരു അനുഗ്രഹത്തെക്കുറിച്ച് കർത്താവ് പറയുന്നു: "എന്റെ പിതാവ് എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെ മേൽ അധികാരം കൊടുക്കും"

ജീവിച്ചിരിക്കുമ്പോൾ ലഭിക്കുന്ന അനുഗ്രഹമല്ല ഇത്. "കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കുകയും ചെയ്യുന്നവന്" മാത്രമുള്ള അനുഗ്രഹമാണിത്. നാം ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ ചുറ്റുമുള്ള ജനതകളുടെ മേൽ നമുക്ക് അധികാരമൊന്നുമില്ല. ഉണ്ടായിരുന്നുവെങ്കിൽ അത് സുവിശേഷത്തിന്റെ വ്യാപനത്തിന് എത്രയോ സഹായകരമാവുമായിരുന്നു. ചില അനുഗ്രഹങ്ങൾ സ്വന്തമാകുന്നത് നമ്മുടെ മരണശേഷമാണ്. ജീവനോടെയിരിക്കുമ്പോൾ നമുക്ക് കിട്ടിയതും കിട്ടിക്കൊണ്ടിരിക്കുന്നതുമായ അനുഗ്രഹങ്ങൾക്ക് നാം നന്ദിയുള്ളവരാകുക. മരണശേഷം കൂടുതൽ ഘനവും തൂക്കവുമുള്ള അനുഗ്രഹക്കൂമ്പാരങ്ങൾ നമുക്കുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്നു എന്ന കാര്യം ഓർത്ത് ക്രിസ്തീയജീവിതത്തിൽ കൂടുതൽ ഉത്സാഹം കാണിക്കണം.

ജാതികളുടെ മേൽ അധികാരം കൊടുക്കും എന്നു പറഞ്ഞിരിക്കുന്നതിന്റെ വിശദീകരണം അടുത്ത വാക്യത്തിലുണ്ട്.

*അവൻ ഇരുമ്പ്കോൽ കൊണ്ട് അവരെ മേയിക്കും. അവർ കുശവന്റെ പാത്രങ്ങൾ പോലെ നുറുങ്ങിപ്പോകും (2:27)*

ദൈവജനത്തിന് ജാതികളുടെ മേൽ അധികാരം ലഭിക്കുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളാണ് ഇത്. "വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്ന് അറിയുന്നില്ലയോ?" (1 കൊരിന്ത്യർ 6:2). വെളിപ്പാട് 20:4 ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവർ....അവരുടെ ആത്മാക്കളെയും ഞാൻ കണ്ടു.

അവർ ജീവിച്ച് ആയിരമാണ്ട് ക്രിസ്തുവിനോടു കൂടി വാണു (ഭരിച്ചു)" മേല്പ റഞ്ഞ രണ്ട് വാക്യത്തിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത്, വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നും ലോകത്തെ ഭരിക്കും എന്നുമാണ്. വിശുദ്ധ ന്മാരുടെ വിധിന്യായം കേട്ടും ഭരണം കണ്ടും ആരും കലാപക്കൊടി ഉയർത്തു കയില്ല. ആരും അപ്പീൽ പോവുകയുമില്ല. അപ്പീൽ പോകാൻ സ്ഥലവുമില്ല. വിശുദ്ധന്മാരുടെ ഭരണത്തിന്റെയും വിധിന്യായത്തിന്റെയും ആധികാരികത യാണ്, "ഇരുമ്പ്കോൽ കൊണ്ട് അവരെ മേയിക്കും. അവർ കുശവന്റെ പാത്ര ങ്ങൾ പോലെ നുറുങ്ങിപ്പോകും" എന്ന വാചകത്തിൽ വ്യക്തമാക്കിയിരിക്കു ന്നത്.

*ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും (2:28)*

ജയിക്കുന്ന ദൈവജനത്തിന് കർത്താവ് ഉദയനക്ഷത്രം (Morning Star) കൊടുക്കുമത്രേ! ഉദയനക്ഷത്രത്തിന്റെ സവിശേഷതകൾ ആരാഞ്ഞ് നാം സമയം ചെലവഴിക്കേണ്ടതില്ല. കൊടുക്കാൻ പോകുന്ന ഉദയനക്ഷത്രം ഏതെന്നും എന്തെന്നും വ്യക്തമായി വെളിപ്പാട്പുസ്തകത്തിൽ തന്നെ പറ ഞ്ഞിട്ടുണ്ട്. 22:17 ൽ കർത്താവായ യേശു പറയുന്നു: "ഞാൻ ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവും ആകുന്നു" കർത്താവ് തന്നെ യാണ് ഉദയനക്ഷത്രം. "ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, "ഞാൻ അവന് എന്നെത്തന്നെ കൊടു ക്കും" എന്നാണ്. അതിലപ്പുറം എന്തുവേണം! രണ്ട് ടൺ തങ്കം തരുമെന്ന ല്ല, നൂറേക്കർ തെങ്ങുംതോപ്പ് തരുമെന്നല്ല... സാക്ഷാൽ കർത്താവിനെത്തന്നെ നമുക്ക് തരുമെന്ന്! വിശ്വസ്തരായ ദൈവമക്കൾക്ക് ലഭിക്കാൻ പോകുന്ന അനുഗ്രഹത്തിന്റെ വലുപ്പം നോക്കുക! നമുക്ക് ചിന്തിക്കാവുന്നതിലും അപ്പു റമാണത്.

*ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ (2:29)*

തുയഥൈരസഭയ്ക്കുള്ള സന്ദേശം ഇവിടെ അവസാനിക്കുകയാണ്. ഇത് കേവലം ഈ സഭയ്ക്കുള്ള സന്ദേശം മാത്രമല്ല എന്നും എല്ലാ സ്ഥലംസഭ കൾക്കുള്ള സന്ദേശമാണെന്നും വ്യക്തമാക്കിക്കൊണ്ടാണ് പതിവുപോലെ ഈ സന്ദേശവും അവസാനിപ്പിക്കുന്നത്. **(തുടരും)**

**അഡ്രസ്സുകൾ അയച്ചുതരിക**

ഈ മാസിക വായിക്കാൻ താത്പര്യമുള്ളവരുടെ അഡ്രസ്സ് അയച്ചു തരിക. വരിസംഖ്യ നിർബന്ധമില്ല. അഡ്രസ്സുകൾ 95 44 557 557 എന്ന മൊബൈൽ നമ്പറിൽ വാട്സാപ് ചെയ്യുക. SMS അയച്ചാലും മതി.

# യോനാ
## (പുസ്തകപഠനം)

18

**-എംവിഎസ്-**

**യോനാ - ഒന്നാം അദ്ധ്യായം**

**യോനാ 1:10**

**ആ പുരുഷന്മാർ അത്യന്തം ഭയപ്പെട്ട് അവനോട്: നീ എന്തിന് അങ്ങനെ ചെയ്തു എന്നു പറഞ്ഞു. അവൻ അവരോട് അറിയിച്ചിരുന്ന തുകൊണ്ട് അവൻ യഹോവയുടെ സന്നിധിയിൽ നിന്ന് ഓടിപ്പോകുന്നു എന്നു അവർ അറിഞ്ഞു.**

ദൈവത്തെ ഭജിച്ചുവരുന്നവനാണെന്നും (വാക്യം 9), അപ്പോൾ തന്നെ ദൈവസന്നിധിയിൽ നിന്ന് ഓടിപ്പോകുന്നവനാണെന്നും (വാക്യം 10) യോനാ അറിയിച്ചു. കടലും കരയും ഉണ്ടാക്കിയ സ്വർഗ്ഗീയദൈവത്തെയാണ് ആരാധിക്കുന്നത് എന്നും കൂടെ പറഞ്ഞിരുന്നു (വാക്യം 9). പിന്നെ എന്തിനാണ് ആ ദൈവത്തെ വിട്ട് യോനാ ഓടിപ്പോകുന്നത്? കടലിലും കരയിലും സർവാധിപത്യമുള്ളവനാണ് ഈ ദൈവമെങ്കിൽ, യോനാ എവിടെ പോയി ഒളിക്കാൻ?

**നീ എന്തിന് അങ്ങനെ ചെയ്തു?**

കപ്പലിലുള്ളവർ യോനായോട് ചോദിച്ച ചോദ്യമാണിത്. ഈ ചോദ്യം നാം നമ്മോടു തന്നെ കൂടെക്കൂടെ ചോദിക്കണം. നീ എന്തിന് അങ്ങനെ ചെയ്തു? നീ എന്തിന് ആ വ്യക്തിയോട് അങ്ങനെ പെരുമാറി? നീ എന്തിന് അങ്ങനെ സംസാരിച്ചു? ഒരു ആത്മപരിശോധന എപ്പോഴും നല്ലതാണ്. ഒരു തിരുത്തൽ എപ്പോഴും ആവശ്യമായി വരും. കപ്പലിൽ കിടക്കുംനേരം യോനാ ഈ ചോദ്യം സ്വയം ചോദിച്ചിരുന്നുവെങ്കിൽ! നാം സ്വയം ചില ചോദ്യങ്ങൾ ചോദിച്ച് നമ്മെത്തന്നെ വിലയിരുത്തണം. നാം നമ്മോടു തന്നെ സംസാരിക്കണം. നാം നമ്മെത്തന്നെ പ്രോത്സാഹിപ്പിക്കണം. നാം നമ്മെത്തന്നെ ആശ്വസിപ്പിക്കണം, ശക്തിപ്പെടുത്തണം.

സങ്കീർത്തനം 42:5 "എന്റെ ആത്മാവേ, നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നതെന്ത്? ദൈവത്തിൽ പ്രത്യാശ വയ്ക്കുക" മറ്റുള്ളവർ നമ്മെ ആശ്വസിപ്പിക്കാനും ശക്തിപ്പെടുത്താനും വരുന്നില്ലായിരിക്കാം. അവരില്ലെങ്കിൽ വേണ്ട. നാം നമ്മെത്തന്നെ ആശ്വസിപ്പിക്കുക, ശക്തിപ്പെടുത്തുക.

നമ്മുടെ പ്രവൃത്തികളെ വിലയിരുത്തുക. നമ്മുടെ പ്രവൃത്തികളെ ന്യായീകരിക്കാൻ നമ്മുടെ ഭാഗത്ത് വചനപ്രകാരമുള്ള ന്യായങ്ങൾ ഉണ്ടാകണം. ഇല്ലെങ്കിൽ തിരുത്തണം. വചനം നമ്മുടെ ചുറ്റും വേലി കെട്ടുന്നുണ്ട്. നമ്മുടെ സ്വാതന്ത്ര്യം കുറയ്ക്കുന്നുണ്ട്. നമുക്ക് ചില പെരുമാറ്റചട്ടങ്ങൾ ബൈബിൾ നിർദ്ദേശിക്കുന്നുണ്ട്. അതിൽ ഒതുങ്ങി നിൽക്കണം. ഫുട്ബോൾ, കളിക്കുമ്പോൾ അതിരുകൾ ഉണ്ട്. ലൈനിൽ നിന്ന് പന്ത് പുറത്തു പോകാൻ പാടില്ല. വാഹനം ഓടിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ ഉണ്ടല്ലോ. ഇതൊന്നും എനിക്കു ബാധകമല്ല എന്നീ രീതിയിൽ വാഹനം ഓടിക്കരുത്. അനർത്ഥം ഇരന്നു വാങ്ങരുത്. ഇതുപോലെ ദൈവവചനം വച്ചിട്ടുള്ള നിയമാവലികൾ നാം പാലിക്കണം. അല്ലെങ്കിൽ ദുരന്തമാകും ഫലം.

**ആ പുരുഷന്മാർ അത്യന്തം ഭയപ്പെട്ടു**

അവർ മുന്നമേ തന്നെ ഭയപ്പെട്ടാണ് നിൽക്കുന്നത് (വാക്യം 5). ഇപ്പോൾ അവർ അത്യന്തം ഭയപ്പെട്ടു. നേരത്തെ ഭയപ്പെട്ടത് പെരുങ്കാറ്റ് കണ്ടിട്ടാണ്. ഇപ്പോഴോ? പെരുങ്കാറ്റിനേക്കാൾ അധികം അവരെ ഭയപ്പെടുത്തിയത് എന്താണ്? യോനാ എബ്രായനാണെന്നു കേട്ടപ്പോൾ, യഹോവയെ ഭജിക്കുന്നവനാണെന്ന് മനസ്സിലാക്കിയപ്പോൾ, യഹോവയുടെ സന്നിധിയിൽനിന്ന് ഓടിപ്പോവുകയാണെന്ന് മനസ്സിലാക്കിയപ്പോൾ അവർ ഭയപ്പെട്ടത് എന്തിന്?

മറുപടി: യഹോവയെക്കുറിച്ച് അവർ നല്ലവണ്ണം കേട്ടിരുന്നു. തന്റെ ജനത്തെ ഐശ്വര്യമായി വഴി നടത്തിയത് അവർ കേട്ടിട്ടുണ്ട്. ദൈവം തനിക്കെതിരായി നിൽക്കുന്നവരുടെ മേൽ നടത്തിയ ശിക്ഷാവിധികളെക്കുറിച്ച് അവർ കേട്ടിട്ടുണ്ട്. ചാനലുകളും പത്രങ്ങളും മൊബൈലുകളും സോഷ്യൽ മീഡിയയും ഒന്നുമില്ലാത്ത കാലത്തും വാർത്തകൾ പ്രചരിച്ചിരുന്നു. ചെങ്കടലിലെ വെള്ളം വറ്റിച്ചതും സീഹോൻ, ഓഗ് എന്നീ അമോര്യരാജാക്കന്മാരോട് ചെയ്തതും യെരീഹോനിവാസികൾ കേട്ടിരുന്നു (യോശുവ 2:10). ദാവീദിനെ പുകഴ്ത്തി സ്ത്രീകൾ പാടി നൃത്തം ചെയ്തത് ഫെലിസ്ത്യർ കേട്ടിരുന്നു (1 ശമൂവേൽ 29:5). ദാവീദ് ഊരിയാവെ കൊന്ന് അവന്റെ ഭാര്യയെ സ്വന്തമാക്കിയത് അന്യനാട്ടുകാർ കേട്ടുവെന്ന് നാഥാൻ പറയുന്നു (2 ശമൂവേൽ 12:14). അപ്പോൾ കാര്യങ്ങളെല്ലാം എല്ലാവരും അറിയുന്നുണ്ട്.

യഹോവയെക്കുറിച്ച് കൃത്യമായ അറിവുള്ളതുകൊണ്ടാണ് അവർ ഭയപ്പെട്ടത്. അവരുടെ ദേവന്മാർ (വാക്യം 5) പോലെയല്ല യഹോവ എന്നും ആ ദൈവത്തിന്റെ സന്നിധിയിൽ നിന്ന് ഓടിപ്പോകുന്നത് പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നും അവർ മനസ്സിലാക്കിയിരുന്നു. അവരുടെ ദേവന്മാരേക്കാൾ കരുത്തനാണ് യഹോവ എന്ന് മനസ്സിലാക്കിയിട്ടും അവർ സ്വന്തം ദേവന്മാരെ വലിച്ചെറിഞ്ഞ് യഹോവയെ ആരാധിക്കാൻ എന്തുകൊണ്ട് മടിച്ചു എന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു.

**(തുടരും)**

# കുടുംബജീവിതം:
## ചില പ്രായോഗിക ചിന്തകൾ

**-എംവിഎസ്-**

**2**

### ഭാഗം ഒന്ന്: ആമുഖചിന്തകൾ

**നന്നാവാനാണ്, നശിക്കാനല്ല!**

"ഞങ്ങൾ വളരെ സന്തോഷത്തോടും സമാധാനത്തോടും കൂടി കുടുംബജീവിതം നയിച്ചിരുന്നവരാണ്. അത് തകർത്തത് *റിയൽ ലൈഫ് വോയ്സ്* എന്നൊരു മാസികയാണ്. അതിൽ കുടുംബജീവിതത്തെക്കുറിച്ച് കുറെ ലേഖനങ്ങൾ ഉണ്ടായിരുന്നു. ഭാര്യ ഭർത്താവിന് കീഴടങ്ങിയിരിക്കണം എന്ന് അതിൽ എഴുതിയിരുന്നു. എന്റെ ഭർത്താവ് എനിക്ക് അത് വായിച്ചുകേൾപ്പിച്ചു. അന്നു മുതൽ ആളുടെ ഭരണം തുടങ്ങി. ഇന്ന് ഞങ്ങൾ ഇവിടെ ഒരുമിച്ചു കഴിയുന്നു എന്നേയുള്ളൂ. പരസ്പരം സംസാരിക്കുന്നതുപോലും അത്യാവശ്യത്തിനു മാത്രമാണ്."

ഒരു പ്രത്യേക സന്ദർഭത്തിൽ ഒരു സഹോദരി എന്റെ ഭാര്യയോട് പറഞ്ഞതാണിത്. ഇതു കേട്ടപ്പോൾ എന്റെ ഭാര്യയുടെ മുഖം വല്ലാതെയായി. "ആ ലേഖനം എഴുതിയ സെബാസ്റ്റ്യൻസഹോദരന്റെ ഭാര്യയാണ് ഞാൻ." തെല്ലു സങ്കോചത്തോടെ അവൾ പറഞ്ഞു. എന്റെ ഭാര്യ എന്നോട് ഇത് വന്ന് പറഞ്ഞപ്പോൾ എനിക്കും വളരെ നിരാശ തോന്നിപ്പോയി. കുടുംബജീവിതം ഈടുറ്റതും ഇഴയടുപ്പമുള്ളതും ആക്കുക എന്ന ലക്ഷ്യത്തോടെ ഞാൻ എഴുതിയ ലേഖനപരമ്പര എതിർ ഫലമാണ് ഉണ്ടാക്കിയത് എന്ന ചിന്ത എന്നെ വല്ലാതെ വേദനിപ്പിച്ചു. എന്റെ ഭാര്യയോടു ഞാൻ പറഞ്ഞു: "ഭാര്യ ഭർത്താവിന് കീഴടങ്ങിയിരിക്കണം എന്ന് തീരുമാനിച്ചത് ഞാനല്ല. ദൈവാത്മാവാണ്. അത് എഴുതിയത് പത്രോസും പൗലൊസുമാണ്. അപ്പോൾ ഞാനല്ല, പത്രോസും പൗലൊസുമാണ് അവരുടെ കുടുംബജീവിതം തകർത്തത് എന്നു പറയേണ്ടിവരും"

*റിയൽ ലൈഫി*ൽ ഇപ്പോൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത് കുടുംബജീവിതത്തെക്കുറിച്ച് ഞാൻ തയ്യാറാക്കിയ രണ്ടാമത്തെ ലേഖനപരമ്പരയാണ്. ഇത് ഇനി എത്ര കുടുംബങ്ങളെ തകർക്കുമോ, ആവോ? പ്രിയരേ, പണിയുക എന്ന ലക്ഷ്യത്തോടെയാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. പൊളിക്കുക എന്ന ലക്ഷ്യം എനിക്കില്ല. 2023 ജൂലൈ മാസത്തിൽ ബാംഗ്ലൂരിലെ

ഒരു സഭ സംഘടിപ്പിച്ച ഫാമിലിക്യാമ്പിൽ എനിക്കു അഞ്ച് സെഷനുകൾ ഉണ്ടായിരുന്നു. അവിടെ പങ്ക് വച്ച ആശയങ്ങളാണ് പ്രധാനമായും ഈ ലേഖനപരമ്പരയിൽക്കൂടി ഞാൻ പ്രസിദ്ധീകരിക്കുന്നത്. ഇതു വായിക്കുന്നവരുടെ കുടുംബജീവിതം കൂടുതൽ കെട്ടുറപ്പുള്ളതാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**തുടക്കത്തിലെ പാളിച്ചകൾ**

കുടുംബജീവിതത്തിൽ പിന്നീട് ശാപം വരുത്തിവയ്ക്കുന്ന വിധത്തിൽ കുറെ കാര്യങ്ങൾ തുടക്കത്തിൽ സംഭവിക്കുന്നുണ്ട്. അത് ആരും അത്ര ഗൗരവമായി എടുക്കാറില്ല. ഊരിയാവിനെ കൊല്ലിച്ചത് ദാവീദ് അത്ര ഗൗരവമായി എടുത്തില്ല. പക്ഷേ ദൈവം അവനെ ശിക്ഷിച്ചു. രണ്ടാമത്തെ പുത്രനെ പരിഛേദന ഏല്പിക്കാഞ്ഞത് മോശെ അത്ര ഗൗരവമായി എടുത്തില്ല. പക്ഷേ ദൈവം അവനെ വഴിയിൽ കൊല്ലാൻ ശ്രമിച്ചതായി നാം പുറപ്പാട്പുസ്തകത്തിൽ വായിക്കുന്നുവല്ലോ. നാം ഗൗരവമായി കാണാത്ത ചില കാര്യങ്ങൾ ദൈവം ഗൗരവമായി കാണുന്നുണ്ടെങ്കിൽ അത് നമ്മുടെ ജീവിതത്തിൽ അനുഗ്രഹനഷ്ടത്തിന് (ശാപത്തിന്) കാരണമാകും. കല്യാണാലോചനകളോടുള്ള ബന്ധത്തിൽ വന്നുകൂടുന്ന ചില തെറ്റുകൾ പിന്നീട് ആ കുടുംബജീവിതത്തെ പ്രതികൂലമായി ബാധിക്കും.

ശാന്തമായി ചിന്തിക്കുക. വിവാഹത്തോടുള്ള ബന്ധത്തിൽ ആലോചനകൾ നടക്കുന്ന സമയം തൊട്ട് നടന്ന കാര്യങ്ങൾ ചിന്തിക്കുക. എവിടെയെല്ലാം ദൈവികപ്രമാണങ്ങൾ ലംഘിക്കപ്പെട്ടു എന്നു ഓർത്തെടുക്കുക. നിങ്ങൾ വച്ച ഡിമാന്റുകൾ, നിങ്ങൾ പറഞ്ഞ മറ്റു കാര്യങ്ങൾ, നിങ്ങൾ ചെയ്തുകൂട്ടിയ കാര്യങ്ങൾ അതിലെല്ലാം വീഴ്ചകൾ സംഭവിച്ചത് ഇപ്പോൾ വിലയിരുത്തുക. "ഇതൊക്കെ എല്ലാവരും ചെയ്യുന്ന കാര്യങ്ങളാണ്" എന്നു പറഞ്ഞ് അതിനെ ന്യായീകരിക്കാൻ ശ്രമിക്കരുത്. "ഇതൊക്കെ കഴിഞ്ഞിട്ട് കുറെ വർഷങ്ങളായി" എന്നു പറഞ്ഞ് അതിനെ നിസ്സാരമായി എടുക്കരുത്. കാലപ്പഴക്കം കൊണ്ട് തെറ്റുകൾ ശരികളാവില്ല. തെറ്റുകൾ ന്യായീകരിക്കപ്പെടേണ്ടവയല്ല, തിരുത്തപ്പെടേണ്ടവയാണ്.

തുടക്കത്തിൽ സംഭവിക്കാവുന്ന ചില തെറ്റുകൾ ഇവിടെ ചൂണ്ടിക്കാണിക്കാം.

**1. സ്ത്രീധനത്തെക്കുറിച്ചുള്ള ചർച്ച**

എന്താണ് സ്ത്രീധനം? വധുവിന്റെ വീട്ടുകാർ അവളെ വിവാഹം കഴിക്കുന്നതിനായി വരനും അവന്റെ കുടുംബത്തിനും **വിവാഹത്തിന്റെ ഒരു വ്യവസ്ഥയായി (as a condition of the marriage) നൽകുന്ന പണം**, സ്വർണ്ണം, സ്വത്ത്, വാഹനങ്ങൾ, സ്ഥലം എന്നിവയാണ് സ്ത്രീധനം. വീവാഹാലോചനയുടെ തുടക്കത്തിൽ തന്നെ ഇതു സംബന്ധിച്ച ചർച്ചകൾ

നടത്തും; ഇക്കാര്യത്തിൽ ഒരു തീരുമാനമായാൽ മാത്രമേ ആലോചന മുന്നോട്ടു പോവുകയുള്ളൂ. ഇത്തരത്തിലുള്ള സ്ത്രീധനം സർക്കാർ നിയമം മൂലം നിരോധിച്ചിട്ടുള്ളതാണ്. എങ്കിലും വിശ്വാസികൾ പോലും നാണം ലവ ലേശമില്ലാതെ ഇത്തരം ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യു ന്നുണ്ട്.

എന്താണ് ബൈബിൾ പ്രകാരം സ്ത്രീധനം? വരന്റെ വീട്ടുകാർ വധു വിന്റെ പിതാവിന് കൊടുക്കുന്നതാണ് സ്ത്രീധനം. (പുറപ്പാട് 22:17; 1 ശമൂ വേൽ 18:25). അക്കാലങ്ങളിൽ വധുവിനെ വില കൊടുത്തു വാങ്ങണം. ഇത് പഴയനിയമകാലത്തെ കാര്യമല്ലേ എന്ന് പറഞ്ഞ് ആരും ആശ്വസിക്കേണ്ട. പുതിയനിയമ കാലത്ത് സഭ എന്ന വധുവിനെയും വിലകൊടുത്താണ് വാങ്ങി യിരിക്കുന്നത് (1 കൊരിന്ത്യർ 6:19 – “നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്ക യാൽ...”) ആ വില സ്വർണ്ണമോ വെള്ളിയോ അല്ല, അതിനേക്കാളെല്ലാം വില യേറിയ കുഞ്ഞാടിന്റെ രക്തം ആണ് (1 പത്രൊസ് 1:19). ബൈബിളിൽ പറ ഞ്ഞിരിക്കുന്നതിന് വിപരീതമാണ് ഇന്നത്തെ സ്ത്രീധന സമ്പ്രദായം; മാത്ര മല്ല, അതിനെ ഗവൺമെന്റ് നിയമം മൂലം നിരോധിച്ചിട്ടുള്ളതുമാണ്. എന്നി ട്ടും...!

എനിക്ക് രണ്ടു പെൺമക്കളായതുകൊണ്ടാണ് ഞാൻ ഇങ്ങനെയൊക്കെ എഴുതുന്നത് എന്ന് പറഞ്ഞ് ആരും ഞാനെഴുതുന്നതിനെ വില കുറച്ചു കാണ രുത്. 1998 ൽ ഞാൻ വിവാഹിതനായപ്പോഴോ, 2018 ൽ എന്റെ അനിയൻ വിവാഹതിനായപ്പോഴോ സ്ത്രീധനത്തെക്കുറിച്ചുള്ള ചർച്ചകൾ അനുവദിച്ചി രുന്നില്ല. “ഞങ്ങൾക്ക് പ്രത്യേകിച്ച് ഡിമാന്റുകളൊന്നുമില്ല. നിങ്ങളുടെ മോൾക്ക് നിങ്ങൾ എത്രയാണെന്നു വച്ചാൽ കൊടുത്തോളൂ” എന്ന വാചകം പോലും ഞങ്ങൾ അവിടെ പറഞ്ഞിരുന്നില്ല.

എന്റെ മൂത്ത മകൾക്കായി വന്ന ഓരോ വിവാഹാലോചനകളുടെയും തുടക്കത്തിൽ തന്നെ “സ്ത്രീധനം പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ വേണ്ട” എന്നു ഞാൻ പറയുമായിരുന്നു. അങ്ങനെ പറയാൻ എനിക്കു ധൈര്യം തന്ന ദൈവ ത്തിനു സ്തോത്രം. എന്റെ രണ്ടാമത്തെ മകളുടെ വിവാഹം 2025 നവംബർ 15 ന് കഴിഞ്ഞു. ആ വിവാഹത്തോടുള്ള ബന്ധത്തിലും സ്ത്രീധനചർച്ച ഉണ്ടായിരുന്നില്ല.

നിങ്ങളുടെ വിവാഹത്തോടുള്ള ബന്ധത്തിൽ സ്ത്രീധനം എന്ന തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന് ദൈവത്തോട് മാപ്പ് ചോദിക്കുക. അങ്ങനെ നിങ്ങളുടെ കുടുംബജീവിതം കൂടുതൽ അനുഗ്രഹിക്കപ്പെടട്ടെ.

**(തുടരും)**


# ഒരുമിച്ച് 50 വർഷങ്ങൾ

കുടുംബജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയ
വിശ്വാസികളായ ദമ്പതികളുമായുള്ള അഭിമുഖം

**-എംവിഎസ്-** **Episode 2**

**മലപ്പുറം മമ്പാടുള്ള എബനേസർ ബാപ്റ്റിസ്റ്റ് ചർച്ചിന്റെ ലീഡറാണ് കെ.എം. കുരിയൻസാർ. 7-02-1936 ൽ ജനിച്ച്, ഇപ്പോൾ 90 വയസ്സ് തികയാറായ അദ്ദേഹം തന്റെ ഭാര്യ തങ്കമ്മകുര്യനോടൊപ്പം 68 വർഷമായി അനുഗ്രഹകരമായ കുടുംബജീവിതം നയിക്കുന്നു. നമ്മുടെ പംക്തിയുടെ പേര് 'ഒരുമിച്ച് 50 വർഷം' എന്നാണല്ലോ. ഒരുമിച്ച് 50 അല്ല, 68 വർഷം! ദൈവത്തിനു സ്തോത്രം! ഇനിയും തുടരട്ടെ.**

എന്റെ ചോദ്യങ്ങൾക്കുള്ള കുര്യൻസാറിന്റെ മറുപടി:



*1. നിങ്ങളുടെ വിവാഹം എന്ന്, എവിടെ വച്ച്, ആര് നടത്തി?*

1957 മെയ് 27-ാം തീയതി ആയിരുന്നു ഞങ്ങളുടെ കല്യാണം. കുമ്പനാട് ഐ പി സി ചർച്ചിൽ വച്ച് പാസ്റ്റർ സി. കെ. ദാനിയേലാണ് വിവാഹം നടത്തിയത്.

*2. വിവാഹിതരാകാനുള്ള സാഹചര്യം എന്തായിരുന്നു?*

ഞാനും ഭാര്യയും ബന്ധുക്കളായിരുന്നു. ഞങ്ങൾ രണ്ടു പേരുടെയും മാതാപിതാക്കളുടെ നിർബന്ധത്തിലും സന്തോഷത്തിലുമാണ് ഞങ്ങളുടെ കല്യാണം നടന്നത്.

*3. വിവാഹിതരാകുമ്പോൾ നിങ്ങൾ രക്ഷിക്കപ്പെട്ടവരായിരുന്നുവോ?*

വിവാഹിതരായ സമയത്ത് എന്റെ ഭാര്യ രക്ഷിക്കപ്പെട്ടവളായിരുന്നു. ഞാൻ പക്ഷേ അങ്ങനെയായിരുന്നില്ല. യാക്കോബായക്കാരനായി ജനിച്ച ഞാൻ 1964 ജൂൺ 4-ാം തീയതിയാണ് കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചത്. ആ വർഷം തന്നെ നവംബർ 1-ാം തീയതി സ്നാനപ്പെട്ടു. അക്കാലത്ത് ഞാൻ ഷില്ലോങിലായിരുന്നു. നേപ്പാളി ക്രിസ്ത്യൻ ഫെലോഷിപ്പിലായിരുന്നു ഞാൻ കൂടിവന്നിരുന്നത്.



കുര്യൻസാറും കുടുംബവും

*4. എത്ര മക്കളുണ്ട്? അവരെല്ലാം എന്തു ചെയ്യുന്നു?*

ഞങ്ങൾക്ക് അഞ്ചു മക്കൾ. മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും. അതിൽ ഒരു മകൻ രണ്ട് വയസ്സുള്ളപ്പോൾ മരിച്ചുപോയി. ഇപ്പോൾ നാലു മക്കൾ ജീവിച്ചിരിപ്പുണ്ട്. നാലു പേരും വിവാഹിതരാണ്. നാലു പേർക്കും ഈരണ്ട് മക്കളുണ്ട്. ആ മക്കളും വിവാഹിതരായി അവർക്കും മക്കളുണ്ട്. അങ്ങനെ മക്കളെയും മക്കളുടെ മക്കളെയും അവരുടെ മക്കളെയും കാണാൻ ദൈവം ഞങ്ങൾക്കിടയാക്കി.

എല്ലാവരും വിശ്വാസികളാണ്. ബാപ്റ്റിസ്റ്റ് സഭയിൽ കൂടിവരുന്നു. മൂത്ത മകൻ ബൈബിൾ കോളേജിൽ പഠിപ്പിക്കുന്നു. ഇളയ മകളുടെ ഭർത്താവും ബൈബിൾ കോളേജിൽ പഠിപ്പിക്കുന്നു. മകളുടെ മകനും ബൈബിൾ കോളേജിൽ പഠിപ്പിക്കുന്നുണ്ട്. ഞങ്ങളുടെ ഇളയ മകൻ ഇവിടെ സഭയുടെ കാര്യങ്ങൾ നോക്കിനടത്തുന്നു.

*5. നിങ്ങൾ രണ്ടുപേരും വഴക്കു കൂടുകയോ പിണങ്ങി ഇരിക്കുകയോ ചെയ്യാറുണ്ടോ?*

കാര്യമായ വഴക്കുകളൊന്നും ഞങ്ങൾ തമ്മിൽ ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ

**റിയൽ ലൈഫ് മാസികയിലൂടെയാണ് കുര്യൻ സാറും ഞാനുമായുള്ള സ്നേഹബന്ധം ശക്തിപ്പെടുന്നത്. എന്റെ ലേഖനങ്ങൾ അദ്ദേഹത്തിന് വളരെ ഇഷ്ടമാണ്. പ്രായം കൊണ്ടും ആത്മിക പരിചയം കൊണ്ടും എന്നേക്കാൾ വളരെ സീനിയറായ ഈ ദൈവദാസന്റെ പ്രോത്സാഹനം എനിക്ക് തരുന്ന ആവേശം കുറച്ചൊന്നുമല്ല.**

**എന്നെ നേരിൽ കാണണമെന്ന ആഗ്രഹത്തോടെ അദ്ദേഹം തന്റെ പ്രായത്തെ മറന്ന്, ദീർഘദൂരം യാത്ര ചെയ്ത് തൃശ്ശൂരിൽ വന്നു! ക്രൈസ്തവലോകത്ത് പലരും കാരണം കൂടാതെ എനിക്ക് ശത്രുക്കളായിതീർന്നപ്പോൾ, കുര്യൻസാറിന്റെയും കുടുംബത്തിന്റെയും നിർവ്യാജസ്നേഹം, പലരിൽ നിന്നും എനിക്കുണ്ടായിട്ടുള്ള മാനസികമുറിവുകൾക്ക് വലിയ ആശ്വാസം തന്നെയാണ്.**

**ദുരുപദേശങ്ങൾക്കെതിരെ ഉറക്കെ ശബ്ദിക്കുന്ന സ്വഭാവം അദ്ദേഹത്തിനുണ്ട്. അതുകൊണ്ടായിരിക്കാം ദുരുപദേശങ്ങൾക്കെതിരെ ഞാൻ തൂലിക ചലിപ്പിക്കുമ്പോൾ അദ്ദേഹം എന്നെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നത്.**

**(എഡിറ്റർ)**

കൊച്ചുകൊച്ചു അഭിപ്രായവ്യത്യാസങ്ങൾ ഇടയ്ക്കിടെ ഉണ്ടാകും. "കപ്പ വേവിക്കാം" എന്നു ഞാൻ പറഞ്ഞാൽ "അത് പുഴുങ്ങാം" എന്ന് അവൾ പറയും. "പുഴുങ്ങാം" എന്ന് ഞാൻ പറഞ്ഞാൽ "വേവിക്കാം" എന്ന് അവളും പറയും. ഇതുപോലുള്ള നിസ്സാരകാര്യങ്ങൾ മാത്രം. പിണങ്ങി ഇരിക്കുന്ന പതിവില്ല. ഇനി അഥവാ പിണങ്ങിയാൽ ഒരു മണിക്കൂർ ഏറി വന്നാൽ രണ്ട് മണിക്കൂർ. അപ്പോഴേക്കും പ്രശ്നം തീരും. അതിന് പ്രത്യേകിച്ചൊന്നും ചെയ്യേണ്ടതില്ല. പ്രശ്നങ്ങളെല്ലാം താനേ തീരുകയാണ് പതിവ്.

*6. കുടുംബജീവിതത്തിൽ അഭിമുഖീകരിച്ചിട്ടുള്ള മറക്കാനാവാത്ത വല്ല കാര്യങ്ങളും വായനക്കാരുമായി പങ്കുവയ്ക്കാനുണ്ടോ?*

ഞാൻ അരുണാചൽപ്രദേശിൽ സർവേയറായി ആദ്യം ജോലി ചെയ്തു. പിന്നീട് ആസാം റൈഫിൾസിൽ വയർലെസ് ഓപ്പറേറ്ററായി ജോലി ചെയ്തു. നോർത്ത് ഈസ്റ്റിലെ എല്ലാ സ്റ്റേറ്റുകളിലും ജോലി ചെയ്തു. ഈ കേന്ദ്രഗവൺമെന്റ് ജോലി ഉപേക്ഷിച്ച് കർത്താവിന്റെ വേല ചെയ്യണമെന്ന ആഗ്രഹത്താൽ, സ്ഥാനക്കയറ്റം (promotion) വേണ്ട എന്നെഴുതിക്കൊടുത്ത് 41-ാം വയസ്സിൽ ജോലിയിൽ നിന്നും വിരമിച്ചു. 19 വർഷം കൂടി ജോലി ചെയ്യാൻ അവസരമുള്ളപ്പോഴാണ് ഞാൻ ഇങ്ങനെ ചെയ്തത്. തുടർന്ന് ബൈബിൾ കോളേജിൽ പോയി. തുച്ഛമായ തുക മാത്രമായിരുന്നു പെൻഷനായി കിട്ടിയിരുന്നത്. കുടുംബം പോറ്റുന്നതിനും മക്കളെ പഠിപ്പിക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെട്ടു. പിന്നീട് ആ അവസ്ഥയെല്ലാം ദൈവം മാറ്റി തന്നു. ഇപ്പോൾ കുഴപ്പമില്ലാതെ മുന്നോട്ടു പോകുന്നു.

*7. ഇപ്പോൾ സഭായോഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്നുണ്ടോ? വചനശുശ്രൂഷയോ അങ്ങനെയെന്തെങ്കിലും?*

എന്റെ ഭാര്യയ്ക്ക് സഭാഹാളിൽ പോയി കുറെ നേരം ഇരിക്കാൻ കഴിയാത്തതുകൊണ്ട് ഇപ്പോൾ ഞാനും ഭാര്യയും ഞായറാഴ്ചയോഗങ്ങളിൽ പോകാതെ വീട്ടിലിരുന്ന് പ്രാർത്ഥിക്കും. ചിലപ്പോൾ ഞാൻ സഭായോഗത്തിനു പോകും. പ്രത്യേകിച്ച് ശുശ്രൂഷകളൊന്നും ഇപ്പോൾ ചെയ്യാറില്ല. കാഴ്ചയ്ക്ക് മങ്ങൽ ഉള്ളത് വലിയൊരു പ്രശ്നമാണ്.

*8. ഇന്നത്തെ ഭാര്യാഭർത്താക്കന്മാരോട് എന്താണ് ഉപദേശിക്കാനുള്ളത്?*

ഭാര്യയും ഭർത്താവും യഥാർത്ഥമായി രക്ഷിക്കപ്പെട്ടവരായാൽ, എന്തൊക്കെ പ്രശ്നങ്ങളുണ്ടായാലും കുടുംബജീവിതം മുന്നോട്ടു പോയ്ക്കോളും. ചെറിയ പിണക്കങ്ങളൊന്നും പ്രശ്നമായി തീരുകയില്ല. പലപ്പോഴും കുടുംബജീവിതങ്ങൾ തകരുന്നത് ഭാര്യയ്ക്കോ ഭർത്താവിനോ രക്ഷിക്കപ്പെട്ട അനുഭവം ഇല്ലാത്തതുകൊണ്ടാണ്. മുങ്ങുകയും പൊങ്ങുകയും ഒക്കെ ചെയ്തിട്ടുണ്ടാകാം. പക്ഷേ രക്ഷിക്കപ്പെട്ടിട്ടുണ്ടാവുകയില്ല. ❍

# കൊച്ചുണ്ണിയുടെ ബൈബിൾവായന

എംവിഎസ്

30

## ഭക്ഷണത്താൽ അശുദ്ധിയോ?

ബ്രദർ കൊച്ചുണ്ണി തികഞ്ഞ ഭക്തനാണ്. ദൈവവചനം നന്നായി വായിക്കും. ധ്യാനിക്കും. പക്ഷേ ധ്യാനിക്കുമ്പോൾ കൊച്ചുണ്ണിസഹോദരന് പെട്ടെന്ന് ദേഷ്യം വരും. ഇതാണ് കൊച്ചുണ്ണി സഹോദരന്റെ ഒന്നാമത്തെ 'കുറവ്'.

ഉടനെ ബൈബിൾ മടക്കിവച്ച് ഇട്ടിയപ്പച്ചനെ അന്വേഷിച്ച് ഇറങ്ങും. മിക്കവാറും മൂപ്പനും അവിടെയുണ്ടാകും. കൊച്ചുണ്ണിബ്രദറിന്റെ സംശയത്തിന്റെയും ചോദ്യങ്ങളുടെയും മുന്നിൽ ഇട്ടിയപ്പച്ചൻ മിക്കവാറും മൂക്കും കുത്തി വീഴും. തന്റെ ചോദ്യങ്ങൾക്കു മുന്നിൽ ഇട്ടിയപ്പച്ചൻ പതറുന്നതും വിയർക്കുന്നതും കാണുമ്പോൾ കൊച്ചുണ്ണിബ്രദറിന് ആവേശം മൂക്കും. ഉള്ളിൽ അഹങ്കാരം നിറയും. ഇതാണ് കൊച്ചുണ്ണി സഹോദരന്റെ രണ്ടാമത്തെ 'കുറവ്'.

മൂപ്പൻ പക്ഷേ മറുപടി പറയും. വ്യക്തമായി മറുപടി പറയും. അത് അംഗീകരിക്കാൻ കൊച്ചുണ്ണിസഹോദരൻ തയ്യാറാവില്ല. മുഖം വീർപ്പിച്ച് പ്രതിഷേധം അറിയിക്കും. ഇതാണ് കൊച്ചുണ്ണി സഹോദരന്റെ മൂന്നാമത്തെ 'കുറവ്'.

ഈ പ്രക്രിയ ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കും.

"മൂപ്പാ, ദാ വരുന്നുണ്ട് നമ്മുടെ താരം." ഇട്ടിയപ്പച്ചൻ മൂപ്പനോട് പറഞ്ഞു.

കനത്ത മുഖവും ഉറച്ച ചുവടുകളുമായി കൊച്ചുണ്ണിസഹോദരന്റെ മാസ് എൻട്രി!

വന്നയുടനെ സംബോധന, ആമുഖം ഇതൊന്നുമില്ലാതെ കൊച്ചുണ്ണി സഹോദരൻ ഗുണ്ട് പൊട്ടിക്കുന്നതുപോലെ തന്റെ ചോദ്യം ഉന്നയിച്ചു.

"മത്തായി 15:11 ൽ, വായിക്കകത്ത് ചെല്ലുന്നത് മനുഷ്യനെ അശുദ്ധനാക്കുന്നില്ല എന്ന് കർത്താവ് പറഞ്ഞു. അത് വയറ്റിലേക്കും പിന്നീട് മറപ്പുരയിലേക്കും പോകുന്നു എന്നാണ് കർത്താവ് 15:17 ൽ പറഞ്ഞത്"

"അതിനെന്താ പ്രശ്നം? നീ അത് പറ" ഇട്ടിയപ്പച്ചൻ ചോദിച്ചു.

"പറഞ്ഞുതീരട്ടെ ഇട്ടിയപ്പച്ചാ, അപ്പോഴേക്കും തോക്കിന്റെ ഉള്ളിൽ കേറി വെടി വയ്ക്കാതെ..." ബ്രദർ കൊച്ചുണ്ണി തന്റെ നീരസം വെളിപ്പെടുത്തിയതിനുശേഷം തുടർന്നു:

"രാജാവിന്റെ ഭോജനം കൊണ്ട് തന്നെത്താൻ അശുദ്ധനാക്കില്ല എന്ന് ദാനിയേൽ തീരുമാനിച്ചതായി ദാനിയേൽ 1:8 ൽ കാണുന്നു. വായിൽ ചെല്ലുന്ന ഭക്ഷണപാനീയങ്ങൾ

മനുഷ്യനെ അശുദ്ധനാക്കില്ലെങ്കിൽ ദാനിയേൽ എന്തിനാ ആ ഭക്ഷണ ത്തിന്റെ പേരിൽ നിർബന്ധം പിടി ച്ചത്?"

"ഇതൊരു ഗൗരവമുള്ള ചോദ്യമാ ണല്ലോ മൂപ്പാ?" ഇട്ടിയപ്പച്ചൻ തല ചൊറിഞ്ഞു.

മൂപ്പൻ മറുപടി പറഞ്ഞു: "ബ്രദ റേ, മത്തായി 15:2 നോക്കുക. കർത്താ വ് പറഞ്ഞത് പൂർവ്വന്മാരുടെ സമ്പ്ര ദായം അനുസരിച്ചുള്ള ഭക്ഷണരീതി ലംഘിച്ചാൽ കുഴപ്പമില്ല എന്നാണ്"

"ഒരു ഉദാഹരണം പറയാം, എന്റെ അമ്മായപ്പൻ മരിച്ചപ്പോൾ, അദ്ദേ ഹത്തെ അടക്കം ചെയ്തുകഴിഞ്ഞ് വന്ന് ഞങ്ങൾ കോഴിയിറച്ചി വേവിച്ച് അത് കഴിച്ചാണ് ഭക്ഷണം കഴിച്ചത്. പൂർവ്വന്മാരുടെ സമ്പ്രദായം അനുസ രിച്ച് അങ്ങനെ ചെയ്യാൻ പാടില്ല. അയൽവാസികളിൽ ഒരാൾ അനി ഷ്ടം രേഖപ്പെടുത്തുകയും ചെയ്തു. ഇവിടെയാണ് കർത്താവ് പറഞ്ഞതി ന്റെ പ്രസക്തി. കഴിക്കുന്ന ഭക്ഷണം മനുഷ്യനെ അശുദ്ധനാക്കുകയില്ല"

"അപ്പോൾ ദാനിയേൽ ഭക്ഷണം കഴിക്കില്ലെന്നു പറഞ്ഞതോ?" കൊച്ചു ണ്ണിബ്രദറിന്റെ ചോദ്യം.

"എയ് കൊച്ചുണ്ണ്യേ, നീയല്ലേ പറ ഞ്ഞത്, തോക്കിന്റെ ഉള്ളിൽ കേറി വെടിവയ്ക്കല്ലേന്ന്... ക്ഷമയോടെ കേൾക്ക് സുഹൃത്തേ..." ഇട്ടിയപ്പച്ച ന്റെ പകരത്തിനുപകരമുള്ള ഡയ ലോഗ്!

"ഞാൻ പറയാം..." മൂപ്പൻ തുടർ ന്നു. ദൈവവചനം ചില ഭക്ഷണങ്ങളെ നിരോധിച്ചിട്ടുണ്ട്. അത് കഴിച്ചാൽ നാം ദൈവമുമ്പാകെ കുറ്റക്കാരാകും. അഥ വാ, അശുദ്ധരാകും"

"അന്ന് അശുദ്ധമൃഗങ്ങൾ എന്നു പറ ഞ്ഞ് ദൈവം ഒരു ലിസ്റ്റ് കൊടു ത്തിരുന്നു. ലേവ്യർ 11 ൽ അതിനെ ക്കുറിച്ച് കാണാം. ആ മൃഗങ്ങളുടെ മാംസം കഴിച്ചാൽ ദൈവമുമ്പാകെ അശുദ്ധമാകും. ശുദ്ധമൃഗങ്ങളാണെ ങ്കിലും അതിന്റെ കൂടെ രക്തം ഉണ്ടാ യാൽ അത് കഴിക്കുന്നയാൾ അശു ദ്ധമാകും. വിഗ്രഹത്തിന് സമർപ്പിച്ച ത് കഴിച്ചാലും അശുദ്ധമാകും"

"അശുദ്ധമാകും എന്നു പറയുന്ന തിന്റെ അർത്ഥം ദൈവത്തിനു വിരോ ധമായി പാപം ചെയ്ത് ദൈവമു മ്പാകെ വിശുദ്ധി നഷ്ടപ്പെടുന്നു എന്നാണ്"

"പൂർവ്വന്മാരുടെ സമ്പ്രദായം അഥ വാ പാരമ്പര്യം ലംഘിച്ചുകൊണ്ട് ഏ തെങ്കിലും ഭക്ഷണം കഴിച്ചാൽ നാം ദൈവമുമ്പാകെ അശുദ്ധരാകയില്ല. കാരണം ദൈവം വച്ച ഏതെങ്കിലും വ്യവസ്ഥ ലംഘിക്കപ്പെടുന്നില്ലല്ലോ"

"രാജാവിന്റെ ഭക്ഷണം കഴിച്ചാൽ, അത് ദൈവം വച്ച ചില വ്യവസ്ഥക ളുടെ ലംഘനമാകയാൽ താൻ ദൈവ മുമ്പാകെ അശുദ്ധനാകും എന്ന് ദാനി യേലിന് അറിയാം. അതുകൊണ്ടാണ് ദാനിയേൽ ആ ഭക്ഷണം കഴിക്കാൻ തയ്യാറാകാതിരുന്നത്"

മൂപ്പൻ പറഞ്ഞുനിർത്തി.

"തൃപ്തിയായോ കൊച്ചുണ്ണ്യേ?" ഇട്ടിയപ്പച്ചൻ ചോദിച്ചെങ്കിലും കൊച്ചു ണ്ണിബ്രദർ പ്രതികരിച്ചില്ല. ❍

എംവിഎസ്

# ചൈറ്റ്രോക്കുലർ

30

## ഉപദേശിക്കാനെന്തെളുപ്പം!

നല്ല കുടുംബജീവിതം നയിക്കാൻ വേണ്ട നിർദ്ദേശങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാൻ വളരെ എളുപ്പമാണ്. പക്ഷേ ആ നിർദ്ദേശങ്ങൾ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി കാണിക്കാനാണ് വിഷമം. മദ്യത്തിനെതിരെ ഒരു കാലത്ത് ഘോരഘോരം പ്രസംഗിച്ചയാൾ, അടിച്ച് കോൺ തിരിഞ്ഞ് ചാലിൽ കിടക്കുന്ന കാഴ്ച, പീഡനം എങ്ങനെ ചെറുക്കാം എന്ന് പെൺകുട്ടികൾക്ക് ക്ലാസ്സെടുത്തയാൾ പീഡനക്കേസിൽ അറസ്റ്റിലാവുന്ന കാഴ്ച തുടങ്ങിയ വിചിത്രക്കാഴ്ചകൾ എത്രയോ തവണ നമ്മുടെ മുന്നിലൂടെ കടന്നുപോയിരിക്കുന്നു!

അക്കൂട്ടത്തിൽ പുതിയൊരു പേജ് കൂട്ടിച്ചേർത്തുകൊണ്ട് മാരിയോ ജോസഫ് – ജിജി മാരിയോ ദമ്പതികൾ വാർത്താപ്രാധാന്യം നേടി. ബന്ധങ്ങൾ എങ്ങനെ നല്ല രീതിയിൽ നിലനിർത്താം, സന്തുഷ്ടകുടുംബജീവിതം എങ്ങനെ നയിക്കാം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകളെടുത്ത് പ്രശസ്തരായ ഭാര്യാഭർത്താക്കന്മാരാണ് ഇവർ. പക്ഷേ ഇപ്പോൾ അവർ അടിച്ചുപിരിഞ്ഞു എന്ന വാർത്തയാണ് നാം കേട്ടത്. മാത്രമല്ല, ഭർത്താവ് മാരിയോ ജോസഫ് തന്റെ തലയ്ക്കടിച്ച് പൊട്ടി ചോരവന്നു എന്ന പരാതിയുമായി ജിജി മാരിയോ പോലീസിൽ പരാതി നൽകുകയും ചെയ്തു.

കുടുംബജീവിതം തകരാതിരിക്കാനുള്ള തന്ത്രങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുത്തവർ, സ്വന്തം കുടുംബജീവിതം സ്വയം തകർത്തുകളഞ്ഞിരിക്കുന്നു! ഇത് സംബന്ധിച്ച വാർത്തയുടെ ഒരു ഭാഗം താഴെ കൊടുക്കുന്നു:

> കുടുംബപ്രശ്നങ്ങൾക്കുള്ള അവസാനപരിഹാരമാണ് മാരിയോ–ജിജി ദമ്പതിമാർ. ഇവർ ദമ്പതികൾക്കായുള്ള ധ്യാനകേന്ദ്രങ്ങൾ സംഘടിപ്പിച്ചും കുടുംബപ്രശ്നങ്ങൾ പരിഹരിക്കാനുള്ള കൗൺസലിംഗ് നടത്തിയും പ്രശസ്തരായി. അതിനിടയിൽ ഇവരുടെ ഇടയിൽ അഭിപ്രായഭിന്നത രൂക്ഷമായി. വഴക്കിനിടയിൽ മാരിയോ സെറ്റ് ടോപ് ബോക്സുകൊണ്ട് തന്റെ തല അടിച്ചുപൊട്ടിച്ചെന്ന് ജിജി പരാതിപ്പെട്ടു. തന്റെ കയ്യിൽ കടിച്ചു, 70000 രൂപയുടെ മൊബൈൽഫോൺ നിലത്തേക്കെറിഞ്ഞ് നശിപ്പിച്ചു എന്നും പോലീസിന് നൽകിയ പരാതിയിൽ ജിജി പറഞ്ഞു. കഴിഞ്ഞ ഒമ്പത് മാസമായി ഇവർ വേർപിരി

രിഞ്ഞു കഴിയുകയാണെന്നാണ് എഫ ഐ ആർ. ഇവർ തമ്മി ലുള്ള പ്രശ്നം പരിഹരിക്കാൻ ഒക്ടോബർ അഞ്ചിന് മാരിയോ യുടെ വീട്ടിൽ ജിജി എത്തിയിരുന്നു. സംസാരത്തിനിടയിൽ മാരിയോ അക്രമാസക്തനാവുകയും ജിജിയെ ആക്രമിക്കു കേയും ചെയ്തു എന്നാണ് കേസ്.

ഉപദേശിക്കുന്നവർ സ്വന്തം ജീവിതത്തിൽ അത് മാതൃകയാക്കി കാണി ക്കണം. കത്തോലിക്കാപുരോഹിതന്മാർ ഇക്കാര്യത്തിൽ ഭാഗ്യവാന്മാരാണ്. കുടുംബജീവിതത്തെക്കുറിച്ച് വളരെ നന്നായി അവർ ക്ലാസ്സുകളെടുക്കും. പക്ഷേ അവർ കുടുംബജീവിതം നയിക്കാത്തതുകൊണ്ട്, പറഞ്ഞവ യൊന്നും ജീവിതത്തിൽ പകർത്തി കാണിച്ചുകൊടുക്കേണ്ടതില്ല. എന്നാൽ ബാക്കിയുള്ളവരുടെ കാര്യം അങ്ങനെയല്ല. കുടുംബജീവിതം നന്നാക്കാൻ പറയുന്ന കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ കാണിച്ചുകൊടുക്കണം. ഇല്ലെ ങ്കിൽ ആകെ നാണക്കേടാകും. അതാണ് മാരിയോ-ജിജി ദമ്പതികൾക്ക് സംഭവിച്ചത്.

ബൈബിൾ തരുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കുക. “സഹോദരന്മാരേ, അധി കം ശിക്ഷാവിധി വരും എന്നറിഞ്ഞ് നിങ്ങളിൽ അനേകർ ഉപദേഷ്ടാക്ക ന്മാർ ആകരുത്” (യാക്കോബ് 3:1). ഉപദേഷ്ടാക്കന്മാരാകാൻ മത്സരം വേണ്ട. ദൈവം ഏല്പിക്കുന്നവർ മാത്രം ആ ശുശ്രൂഷ ചെയ്താൽ മതി. അവസര ങ്ങൾ ദൈവം തുറന്നുതന്നാൽ മാത്രം അത് ഉപയോഗിച്ചാൽ മതി.

മറ്റുള്ളവരെ ഉപദേശിക്കുന്നവർ ശ്രദ്ധിക്കേണ്ട ഒന്നുരണ്ടു കാര്യങ്ങൾ വചനം പറഞ്ഞുതരുന്നുണ്ട്. ഒന്ന്: “നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക” (1 തിമൊ.4:16). ഉപദേശിക്കുന്നവർ സ്വയം സൂക്ഷിക്ക ണം. ഉപദേശത്തെയും സൂക്ഷിക്കണം. രണ്ടു കാര്യത്തിലും ശ്രദ്ധിക്കണം. സ്വയം തെറ്റിപ്പോകരുത്. ഉപദേശവും തെറ്റായതാകരുത്. ഉപദേശിക്കുന്ന തിന് ഫലമുണ്ടാവണമെങ്കിൽ സ്വന്തം ജീവിതത്തിൽ അത് വിജയകരമായി നടത്തിക്കാണിക്കണം.

രണ്ട്: “ഹേ, അന്യനെ ഉപദേശിക്കുന്നവനേ, നീ നിന്നെത്തന്നെ ഉപദേ ശിക്കാത്തത് എന്ത്? മോഷ്ടിക്കരുത് എന്ന് പ്രസംഗിക്കുന്ന നീ മോഷ്ടിക്കു ന്നുവോ?” (റോമർ 2:21). മറ്റുള്ളവരെ ഉപദേശിക്കുന്നവർ ആദ്യം ഉപദേശി ക്കേണ്ടത് അവനവനെത്തന്നെയാണ്. സ്വന്തം ജീവിതത്തിൽ കറയും കള ങ്കവുമില്ലാതിരിക്കാൻ ഉപദേഷ്ടാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കണം. അവർ നല്ല അളവിൽ ക്ഷമിക്കേണ്ടിവരും. പല നഷ്ടങ്ങളും സഹിക്കേണ്ടിവരും. പലതും കണ്ടില്ലെന്നു ചിന്തിക്കേണ്ടിവരും. അവർ സാക്ഷ്യമുള്ള ജീവിതം നയിച്ചേ മതിയാകൂ. കാരണം, അവർ ഉപദേഷ്ടാക്കന്മാരാണ്. ❍

**www.reallifevoice.in**

**ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th December 2025

Posted at
Thrissur RMS

**ആനുകാലികം**

## വനംവകുപ്പിന്റെ കാടത്തം!

മൃഗങ്ങളുടെ ക്ഷേമം നോക്കി നോക്കി ചില വനംവകുപ്പേമാന്മാർക്ക് മനുഷ്യത്വം നഷ്ടപ്പെട്ടുപോയി. 32 വർഷം താമസിച്ച വീട്ടിൽനിന്ന് ജോൺസനെയും കുടുംബത്തെയും ബലമായി തെരുവിലേക്കിറക്കി വിടുമ്പോൾ ഏമാന്മാരുടെ മനസ്സിൽ കാടത്തം മാത്രമായിരുന്നു. 6 വർഷം മുമ്പാണ് ഈ തെമ്മാടിത്തരം വനംവകുപ്പ് കാണിച്ചത്. വീടിനോടു ചേർന്നുള്ള കടയും അവർ അടച്ചുപൂട്ടി. 4 ദിവസം റോഡരുകിൽ ആ കുടുംബം കഴിഞ്ഞുകൂടി. കാടിന്റെ കാര്യം നോക്കാനെന്നും പറഞ്ഞ് നാട്ടിൽ സുഖമായി വിലസുന്ന ഫോറസ്റ്റ് ഏമാന്മാർക്ക് ജോൺസന്റെയും കുടുംബത്തിന്റെയും വേദന മനസ്സിലായില്ല.

മനുഷ്യാവകാശ സംരക്ഷണ കേന്ദ്രം ജനറൽ സെക്രട്ടറി ജോയ് കൈതാരം നിയമസഹായം ഉറപ്പാക്കുകയും അഡ്വ.ജോസ് എബ്രഹാം ഫീസ് വാങ്ങാതെ കേസ് വാദിക്കാൻ തയ്യാറാവുകയും ചെയ്തതോടെ വനം വകുപ്പിന്റെ നിക്കർ കീറുമെന്ന് ഉറപ്പായി. സുപ്രീംകോടതി വരെ നീണ്ട നിയമപ്പോരാട്ടത്തിൽ വനംവകുപ്പ് തോറ്റു. എങ്കിലും വീടും കടയും വിട്ടുകൊടുക്കാൻ തെമ്മാടിക്കൂട്ടം പിന്നെയും തയ്യാറായില്ല. വീടും കടയും വിട്ടുകൊടുത്തില്ലെങ്കിൽ ഡിഎഫ്ഒ അടക്കമുള്ളവരെ പ്രോസിക്യൂട്ട് ചെയ്യുമെന്ന് സുപ്രീംകോടതി അന്ത്യശാസനം നൽകിയതോടെ, യൂണിഫോം മാത്രമല്ല ഉൾവസ്ത്രങ്ങൾ കൂടെ കീറിപ്പൊളിഞ്ഞുപോകും എന്നു മനസ്സിലാക്കിയ കാടന്മാർ, ഗത്യന്തരമില്ലാതെ ഒറ്റ ദിവസം കൊണ്ട് ഭൂമിയളന്ന് മഹസ്സർ തയ്യാറാക്കി കടയും വീടും തിരിച്ചുനൽകി. ജയിലിലെ ഭക്ഷണവും താമസവും ഇത്ര താത്പര്യമില്ലെങ്കിൽ എന്തിനാണ് ഹേ വല്ലവന്റേം നെഞ്ചത്ത് വെറുതെ ചെന്ന് കേറുന്നത്? *(വനംവകുപ്പിലെ ആത്മാർത്ഥതയുള്ള ഉദ്യോഗസ്ഥർക്ക് നേരെയല്ല എന്റെ വിമർശനം) –2025 ഡിസംബർ 1 ലെ പത്രവാർത്ത*

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V